**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4047** **27-10-2021 - ൽ മറുപടിയ്ക്ക്**

**എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന വിവിധ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തു നൽകുന്നതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ, നിയമാവലികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നൽകുന്നത് പൊതുമരാമത്ത് മാന്വൽ 2012, ക്ലോസ് 1601.1.6 പ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ്. താഴെ പറയുന്ന സാഹചര്യങ്ങൾക്ക് (പൊതുമരാമത്ത് മാന്വൽ 2012, ക്ലോസ് 1601.1.6) ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള അനുമതി നൽകാവുന്നതാണ്. A revised estimate must be prepared and got sanctioned. (a) When there are deletions, additions or alterations to the scope of the work as originally sanctioned needing revised administrative sanction. (b) When there are major structural alterations from the design as originally sanctioned. (c) When the cost of a work is likely to exceed by more than 5% of T.S amount. The revised estimate shall not be kept waiting till the work is completed or reaches an advanced stage of completion but shall be prepared and got sanctioned as soon as any of the above two conditions are anticipated during the course of execution of work. |
| (ബി) | ഏതൊക്കെ സാഹചര്യത്തിലാണ് ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള അനുമതി ലഭ്യമാക്കേണ്ടത്; വിശദാംശം നൽകുമോ; | (ബി) | തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നൽകുന്നത് പൊതുമരാമത്ത് മാന്വൽ 2012, ക്ലോസ് 1601.1.6 പ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ്. താഴെ പറയുന്ന സാഹചര്യങ്ങൾക്ക് (പൊതുമരാമത്ത് മാന്വൽ 2012, ക്ലോസ് 1601.1.6) ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള അനുമതി |

| | | | |
|---|---|---|---|
| | | | നൽകാവുന്നതാണ്. A revised estimate must be prepared and got sanctioned. (a) When there are deletions, additions or alterations to the scope of the work as originally sanctioned needing revised administrative sanction. (b) When there are major structural alterations from the design as originally sanctioned. (c) When the cost of a work is likely to exceed by more than 5% of T.S amount. The revised estimate shall not be kept waiting till the work is completed or reaches an advanced stage of completion but shall be prepared and got sanctioned as soon as any of the above two conditions are anticipated during the course of execution of work. |
| (സി) | എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പ്രവർത്തനങ്ങളും പൂർത്തിയാക്കുന്നതിന് പ്രവൃത്തിയുടെ നിർമ്മാണ ചുമതലയുള്ള കരാറുകാർ ബാധ്യസ്ഥരാണോ; നിർമ്മാണ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ എന്തൊക്കെ തരത്തിലുള്ള നിയമ നടപടികളാണ് സ്വീകരിക്കാൻ കഴിയുന്നതെന്ന് വിശദമാക്കാമോ; | (സി) | ആണ്. നിർമ്മാണ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്ന കരാറുകാരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നതും, പൊതുമരാമത്ത് മാന്വൽ 2012, ക്ലോസ് 2116.2 പ്രകാരം ടെർമിനേഷൻ ഓഫ് കോൺട്രാക്ട് നടപടികൾ സ്വീകരിക്കാവുന്നതാണ്. കരാറുകാരന്റെ വീഴ്ച കൊണ്ട് സമയബന്ധിതമായി പ്രവൃത്തി പൂർത്തീ കരിച്ചില്ലെങ്കിൽ നിയമാനുസൃതമായ ഫൈൻ കരാറുകാരിൽ നിന്നും ഈടാക്കാവുന്നതാണ്. |
| (ഡി) | ഒരു പ്രവൃത്തിക്ക് അനുവദിച്ചതിനേക്കാൾ വളരെ കുറഞ്ഞ തുകയ്ക്ക് ടെണ്ടർ ഏറ്റെടുക്കുന്ന കോൺട്രാക്ടർമാർക്ക് പ്രവൃത്തി പൂർത്തിയാക്കുന്നതിന് അധിക തുക അനുവദിച്ച് നൽകേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ? | (ഡി) | കരാറിൽ ഏർപ്പെട്ട തുകയ്ക്ക് തന്നെ ടി പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം പൂർത്തീ കരിക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനാണ്. |

സെക്ഷൻ ഓഫീസർ